# മന്ന

യു.എ.ഇ., കുവൈത്ത്, തൃശ്ശൂർ & കൊച്ചിൻ വാല്യം 4 ലക്കം 2

news@newsmanna.com www.newsmanna.com

050 3241610, 055 3969791 ഫെബ്രുവരി 2011




*എം.സി. ചാക്കോയും കുടുംബവും 42 വർഷം മുമ്പ് അബുദാബിയിലെത്തിയപ്പോൾ.*

# പടിയിറങ്ങുന്ന ചാക്കോച്ചായൻ...



**ഗൾഫ് മലയാളി പെന്തെക്കോസ്തു സഭകളുടെ അപ്പൊസ്തലൻ പാസ്റ്റർ എം.സി. ചാക്കോ (പോലീസ് ചാക്കോ) നാലു പതിറ്റാണ്ടുകാലത്തെ ശുശ്രൂഷകൾക്കൊടുവിൽ യു.എ.ഇ.യിൽ നിന്ന് വിടവാങ്ങുന്നു. അറേബ്യൻ മരുഭൂമിയിൽ സുവിശേഷത്തിന്റെ വെന്നിക്കൊടി പാറിക്കുവാൻ കഠിനാധ്വാനം ചെയ്ത ദൈവരാജ്യത്തിന്റെ കാവൽഭടനാണ് പാസ്റ്റർ എം.സി. ചാക്കോ. നാല്പത്തി രണ്ടു വർഷം മുമ്പ് എത്തിയ അദ്ദേഹത്തിന്റെ കാഴ്ചപ്പാട് ഐ.പി.സി.യുടെ യു.എ.ഇ.യിലെ വൻ വളർച്ചയ്ക്ക് കാരണമായി. ഐ.പി.സി. അബുദബിയുടെ സീനിയർ ശുശ്രൂഷകൻ, അബുദബി പെന്തെക്കോസ്തൽ ചർച്ചസ് കോൺഗ്രിഗേഷൻ (ആപ്കോൺ) പ്രസിഡന്റ്, ഐ.പി.സി. യു.എ.ഇ. റീജിയൻ പ്രസിഡന്റ്, അബുദബി മലയാളി ക്രിസ്ത്യൻ കോൺഗ്രിഗേഷൻ (എം.സി.സി) സെക്രട്ടറി തുടങ്ങിയ സമുന്നത പദവികൾ അലങ്കരിച്ച അറബി നാടിന്റെ ഈ അപ്പൊസ്തലന്റെ ജീവിതം സംഭവബഹുലമാണ്. ആ ജീവിതവീഥിയിലൂടെ 'മന്ന' കടന്നുചെല്ലുന്നു.**


തയ്യാറാക്കിയത്

**പി.സി. ഗ്ലെന്നി**

ഫോട്ടോ

**ആഷിഷ് തോമസ് ഏബ്രഹാം**










## പള്ളിക്കൂടത്തിലെ ഉപദേശി

തിരുവല്ല ഓതറയിലുള്ള പേങ്ങാട്ട് കുടുംബത്തിലെ എം.സി. ചെറിയാൻ- സാറാമ്മ ദമ്പതികളുടെ മകനായി 1941 ജൂൺ 23 നാണ് ചാക്കോയുടെ ജനനം. തങ്കച്ചൻ എന്ന ഓമനപ്പേരുള്ള കൊച്ചു ചാക്കോ എട്ടാം വയസ്സിൽ രക്ഷിക്കപ്പെട്ടു. തന്റെ പിതാവ് യാക്കോബായ പാരമ്പര്യം വിട്ടുവന്നതുകൊണ്ട് വിശ്വാസങ്ങളെക്കുറിച്ച് ശക്തമായി പഠിപ്പിച്ചിരുന്നു. പന്ത്രണ്ടാം വയസ്സിൽ മുഴുകൽ സ്നാനം സ്വീകരിച്ചു. രക്ഷയുടെ സന്തോഷം ഉള്ളിൽ നിറഞ്ഞത് സഹപാഠികളോട് പങ്കുവെച്ചു. എല്ലാ ദിവസവും സ്കൂളിൽ ഉച്ചയ്ക്ക് കൂട്ടുകാരെ ഒന്നിച്ച് കൂട്ടി പാടുകയും പ്രാർഥിക്കുകയും ചെയ്തു. ഇരുനൂറിലധികം കുട്ടികളുടെ ആ കൂട്ടായ്മ സ്കൂളിൽ ശക്തിപ്പെട്ടു. ചില ഹൈന്ദവവിദ്യാർഥികൾ രക്ഷിക്കപ്പെട്ടത് മാതാപിതാക്കൾ അറിഞ്ഞപ്പോൾ പ്രശ്നമായി അവർ പരാതിയുമായി എത്തി. ഹെഡ്മാസ്റ്റർ ഈശോസാർ പള്ളിക്കൂടത്തിലെ ഉപദേശിയെ കയ്യോടെ പിടിച്ചു. സ്വതവേ ഗൗരവക്കാരനായ ഈശോസാർ കൊച്ചുപദേശിയെ ഓഫീസ് റൂമിൽ കയറ്റി ചൂരവടിയ്ക്ക് അടിക്കാൻ ശക്തിയോടെ കൈപൊക്കി. പക്ഷെ, പൊക്കിയ കൈ താഴുന്നില്ല. കൈ മരവിച്ച് അങ്ങനെ തന്നെ നിന്നു! കുറച്ച് കഴിഞ്ഞപ്പോൾ കൈതാഴ്ന്നു വന്നു. ഈശോസാർ ഒന്നും പറയാതെ ചാക്കോയോട് പൊയ്ക്കൊള്ളാൻ പറഞ്ഞു. ഈശോസാറിന്റെ ഭാര്യ ഇതറിഞ്ഞപ്പോൾ ചാക്കോ ഒരു ദൈവപൈതലാണെന്നും നിങ്ങൾ ക്ഷമ പറയണമെന്നും പറഞ്ഞു. അടുത്തദിവസം ഓഫീസിൽ വിളിച്ച് എന്നോട് ക്ഷമിക്കണമെന്ന് ഈശോസാർ പറഞ്ഞതാണ് പള്ളിക്കൂടത്തിലെ ഉപദേശിയുടെ കഥ.

ഹൈസ്കൂൾ പഠനം കഴിഞ്ഞ് ചാക്കോ ബീഹാറിലേക്ക് പോയി. പാറ്റ്നയിൽ കുറച്ചുകാലം ജോലിചെയ്തു. അവിടെയും പ്രാർഥനകളും മറ്റും സംഘടിപ്പിച്ചു. 1964 ൽ എം.സി. ബഹറിനിൽ എത്തി. മുൻപരിചയമില്ലാത്ത ഒരു നായരാണ് വിസ നല്കിയത്. മറ്റൊരാളാണ് ഇദ്ദേഹത്തെ പരിചയപ്പെടുത്തിയത്. ബോംബെയിൽ നിന്ന് കപ്പലിൽ ഒരു തകരപ്പെട്ടിയുമായി കയറിയ ചാക്കോ ഒൻപതാം ദിവസം ബഹറിൻ തുറമുഖത്തെത്തി. ബഹറിനിൽ പാസ്റ്റർ ടി.ടി. ജോസഫിന്റെ നേതൃത്വത്തിലുള്ള സഭയിലേക്കാണ് പോയത്. അവിടുത്തെ പല ആത്മീയ കാര്യങ്ങൾക്കും ചുമതൽ കൊടുത്തു. 1965 ൽ എം.സി. ചാക്കോ വിവാഹിതനായി. പുല്ലാട്ടുകാരി സൂസി ജീവിതസഖിയായി. സൂസി ബഹറിനിൽ നേഴ്സായിരുന്നു.

അവിടെവെച്ച് ഒരു മകൾ ജനിച്ചുവെങ്കിലും, പനിയെത്തുടർന്ന് നിത്യതയിലേക്കു പ്രവേശിക്കുകയായിരുന്നു.

## അബുദബിയിൽ

1969 ൽ എം.സി. ചാക്കോ അബുദബിയിൽ എത്തി മദീനാബയ്ദിലെ ഒരു വില്ലയിൽ താമസമാക്കി ഒരു കമ്പനിയിൽ ജോലിചെയ്തു. അടൂർ സ്വദേശി കെ. എം. ശമുവേലിന്റെ നേതൃത്വത്തിലുള്ള പെന്തെക്കോസ്തു പ്രസ്ഥാനകൂട്ടായ്മയിലേക്ക് പോയി തുടങ്ങി. 1968 ൽ ആരംഭിച്ചതാണിത്. സുവിശേഷതല്പരനായ ചാക്കോച്ചൻ പലരോടും സുവിശേഷം പങ്കുവെച്ചു. അവരിൽ പലരും പെന്തെക്കോസ്തുകാരായി. 1971 ൽ സുവിശേഷകനായി വേർതിരിച്ച് കൈവെപ്പും ലഭിച്ചു. 1973 ൽ പാസ്റ്റർ ടി.ജി. ഉമ്മൻ അബുദബി സന്ദർശിച്ച അവസരം എം.സി.ക്കും, കെ.എം. ശാമുവേലിനും ഓർഡിനേഷൻ നല്കി. പാസ്റ്റർമാരായ ശമുവേലും ചാക്കോയും ഐക്യമായി ശുശ്രൂഷകൾ ചെയ്തു. സ്വതന്ത്രമായി ആരംഭിച്ചിരുന്ന ആ കൂട്ടായ്മ ആ വർഷം ഐ.പി.സി.യോടു ചേർന്നു. 1982 ൽ സഭാ സെന്റ് അഡ്രൂസ് കമ്യൂണിറ്റി ഹാളിലേക്ക് മാറ്റി. 1986 ൽ പാസ്റ്റർ കെ.എം. ശാമുവേൽ കുടുംബമായി അമേരിക്കയിലേക്ക് പോയതോടെ സഭയുടെ പൂർണ ചുമതല പാസ്റ്റർ എം.സിയ്ക്കായി.

ഒരിക്കൽ ഫുജറയിൽ കടലിൽ പലർച്ചെ സ്നാനശുശ്രൂഷ നടത്തുകയായിരുന്നു. ആരോ അറിയിച്ചതനുസരിച്ച് പോലീസെത്തി. നാലുസഹോദരന്മാരും ഒരു സഹോദരിയുമായിരുന്നു സ്നാർഥികൾ. നാലു സഹോദരന്മാരുടെ സ്നാനം കഴിഞ്ഞ്, സഹോദരിയെ സ്നാനം സ്നാനപ്പെടുത്തിയത് കണ്ടാണ് പോലീസ് എത്തിയത്. സഹോദരി കരയ്ക്ക് കയറി, പോലീസ് പാസ്റ്റർ എം.സി.യോട് ചോദിച്ചു, നിങ്ങൾ എന്താണ് ചെയ്യുന്നത്. ഞങ്ങൾ പ്രാർഥിക്കുകയാണ് എന്ന് പാസ്റ്റർ പറഞ്ഞു. ഇതാണോ പ്രാർഥന? ചോദ്യം കാര്യമായി. "നിങ്ങളുടെ ഐ.ഡി എടുക്കുക" പോലീസ് പറഞ്ഞു. എം.സി തന്റെ ഐ.ഡി. എടുത്തു കൊടുത്തു. കാർഡ് നോക്കിയ പോലീസ് അബുദബി പോലീസിലെ ഉയർന്ന റാങ്കിലുള്ള പാസ്റ്റർ എം.സി. ചാക്കോയുടെ മുമ്പിൽ സല്യൂട്ട് അടിച്ചു. ക്ഷമയും പറഞ്ഞാണ് മടങ്ങിയത്.

## പോലീസ് പാസ്റ്റർ

പോലീസ് ഡിപ്പാർട്ട്മെന്റിൽ ജോലിചെയ്തപ്പോഴും പാസ്റ്റർ ചാക്കോ എല്ലാവരുടെയും ആദരവ് നേടി. ചാക്കോച്ചന് ഓഫീസിൽ ഒരു പ്രത്യേക മുറിയുണ്ടായിരുന്നു. ഓഫീസിൽ ഉറക്കെ സംസാരിക്കുന്നവർ ചാക്കോച്ചൻ ബൈബിൾ വായിക്കുന്നത് കണ്ടാൽ ഉടനെ ചാക്കോ സെയ്തി (ബൈബിൾ വായിക്കുന്നു) എന്ന് പറഞ്ഞ് നിശബ്ദരാകും. ഒരു ഓഫീസർ എന്നതിനെക്കാൾ ഒരു മുല്ലയ്ക്കുള്ള (മുസ്ലീം പുരോഹിതൻ) ബഹുമാനം ചാക്കാച്ചന് സഹപ്രവർത്തകർ നല്കിയിരുന്നു. റിട്ടയർമെന്റ് കഴിഞ്ഞിട്ടും ഡിപ്പാർട്ട്മെന്റ് എം.സി. ചാക്കോയ്ക്കു കാലാവധി നീട്ടിക്കൊടുക്കുകയായിരുന്നു. ആദരണീയനും വിശ്വസ്തനുമായിരുന്നു അവർക്ക് അദ്ദേഹം.

## കാറോടിച്ച കർത്താവ്

അപകടകരമായ നിരവധി സന്ദർഭങ്ങളെ പാസ്റ്റർ ചാക്കോ അഭിമുഖീകരിക്കേണ്ടിവന്നിട്ടുണ്ട്. ഒരുദിവസം ഷാർജയിലെ ഒരു സഭയിലെ പ്രശ്നംതീർത്ത് വളരെ വൈകി ചാക്കോച്ചനും ഒരു സഹോദരനും അബുദബിയ്ക്ക് പുറപ്പെട്ടു. ദുബായ്- അബുദബി ഹൈവേ ഇന്നത്തെപ്പോലെ വകസിച്ചിരുന്നില്ല. ചാക്കോച്ചനായിരുന്നു കാറോടിച്ചത്. കൂടെയുള്ള ചെറുപ്പക്കാരൻ കാറിൽ കയറിയപ്പോഴേ ഉറക്കമായി. കാറോടുമ്പോൾ ചാക്കോച്ചന്റെ കണ്ണുകളിൽ കനംതൂങ്ങി. പിന്നെ എപ്പോഴോ ചാക്കോച്ചൻ ഉറങ്ങിപ്പോയി. അപ്പോഴും എതിർദിശയിൽ കാറുകളും ട്രക്കുകളും ചീറിപ്പാഞ്ഞു. വളവും തിരിവുകളുമുണ്ട്. ഒട്ടകങ്ങൾ കുറുകെ ചാടുന്ന സന്ദർഭങ്ങളുമുണ്ട്. എപ്പോഴോ ചാക്കോച്ചൻ കണ്ണുതുറന്നു. സ്ഥലകാലബോധമുണ്ടായപ്പോൾ ഉറക്കെ കർത്താവിനെ സ്തുതിച്ചു. ആരാണ് ഇത്രനേരം കാറോടിച്ചത്? കർത്താവു തന്നെ. യിസ്രായേലിന്റെ പരിപാലകൻ മയങ്ങുന്നില്ല, ഉറങ്ങുന്നില്ല. ചാക്കോച്ചൻ വീണ്ടും ഹല്ലേലുയ്യായും സ്തോത്രവും പറഞ്ഞ് കർത്താവിനെ സ്തുതിച്ചു.



## കടലിലെ അപകടം

സഭയായി ഒരു സ്നാനം ക്രമീകരിച്ചു. പാസ്റ്റർ എം.സി. ചാക്കോ ആയിരുന്നു സ്നാപകൻ. ഇന്നത്തെപ്പോലെ സ്നാനടാങ്കുകൾ ഇല്ലാതിരുന്ന അക്കാലത്ത് കടലിൽ ആയിരുന്നു സ്നാനങ്ങൾ നടന്നിരുന്നത്. ഒരു സ്നാനം കഴിഞ്ഞ് പിന്നിലേക്കു കാലുവെച്ച ചാക്കോച്ചൻ ആഴത്തിലേക്ക് താഴുന്ന അവസ്ഥ. പെട്ടെന്ന് നിലവെള്ളം ചവിട്ടി മുന്നോട്ടാഞ്ഞ് ചാക്കോച്ചൻ രക്ഷപെട്ടു. ചെറുകപ്പലുകൾക്ക് പോകാവുന്ന ചാലിലായിരുന്നു ചാക്കോച്ചൻ പെട്ടത്. സ്നാപകനും സ്നാനാർഥികളും അപകടത്തിൽപെടാ







For Advertisements & News Publishing Please Contact: 050-3241610, 055-3969791



*ചാക്കോച്ചായൻ; 1965–ലെ ചിത്രം*

വുന്ന സാഹചര്യത്തിൽ നിന്നും കർത്താവ് അന്ന് അത്ഭുതകരമായി രക്ഷിച്ചു.

**മരുഭൂമിയിലെ അപ്പൊസ്തലൻ**

ചെറുപ്പം മുതൽ സുവിശേഷത്തെ സ്നേഹിക്കുകയും അതിന്റെ പ്രചാരകനും വക്താവുമായി മാറിയ എം. സി. ചാക്കോ ഔദ്യോഗിക ജീവിതത്തിൽ ഒരു പോലീസുകാരനായിരുന്നുവെങ്കിലും ശുശ്രൂഷാരംഗത്ത് സ്നേഹവും ആർദ്രതയുമുള്ള അപ്പൊസ്തലനായിരുന്നു. ദൈവരാജ്യത്തിന്റെ വ്യാപനത്തിന് ആവോളം അധ്വാനിക്കുകയും കഷ്ടപ്പെടുകയും ചെയ്ത പാസ്റ്റർ എം.സി. ചാക്കോ അബുദബി സഭയുടെ വളർച്ചയ്ക്കൊപ്പം റീജിയണിലെ സഭകളുടെ വളർച്ചയ്ക്കും പുരോഗതിയ്ക്കും വേണ്ടി പ്രവർത്തിച്ചു. യുഎഇ റീജിയണിലെ സഭകൾ വളർന്നപ്പോൾ റീജിയൺ പ്രസിഡന്റ് പദവിയ്ക്കു അർഹനായി.

പാസ്റ്റർ എം.സി. ചാക്കോയുടെ സ്നേഹവും പരിലാളനവും പ്രോത്സാഹനവും ലഭിച്ച് കർത്തൃസേവകരായി മാറിയവർ നിരവധി.

ഒടുവിൽ ഗൾഫ് സഭകളുടെ പ്രിയങ്കരനായ എം.സി. ചാക്കോച്ചായൻ നാലു പതിറ്റാണ്ടു കാലത്തെ ശുശ്രൂഷാജീവിതത്തിന് വിടചൊല്ലി പടിയിറങ്ങുന്നു. ചരിത്രം ചാക്കോച്ചായന്റെ സേവനങ്ങൾക്ക് എന്നും നാമോവാകം പറയും. സ്നേഹോഷ്മളമായ യാത്രയയപ്പാണ് പെന്തെക്കോസ്തുസമൂഹം നല്കുന്നത്. തന്റെ പ്രവർത്തനങ്ങളെ എതിർത്തവർ പോലും തെറ്റ് മനസ്സിലാക്കി ക്ഷമപറയുകയാണിപ്പോൾ.

**ഇനി തൃശ്ശൂരിലേക്ക്**

പ്രാവാസജീവിതശുശ്രൂഷകൾ കഴിഞ്ഞ് മടങ്ങിയെത്തുന്ന പാസ്റ്റർ എം.സി. ചാക്കോച്ചായൻ സാംസ്ക്കാരിക തലസ്ഥാനമായ തൃശ്ശൂരിലെ ഐ.പി.സിയുടെ സെന്റർ ശുശ്രൂഷകനായാണ് പോകുന്നത്. കഴിഞ്ഞ 48 വർഷം മുമ്പ് സുവിശേഷ പ്രവർത്തനവുമായി തൃശ്ശൂരിലും മലബാറിലും പ്രവർത്തിച്ചതിന്റെ മറുപടിയെന്നോണം ദൈവം നൽകിയതാണ് ഈ സ്ഥാനമെന്ന് എം.സി. ചാക്കോ പറയുന്നു.

## MATRIMONIAL

Pentecostal parents invite proposals for their daughter employed & residing in UAE (25/168cm) B.Com, from pentecostals parents of professionally qualified, born again, baptized, spirit-filled and God fearing boys.
Contact: Mob. 055 4057414, 056 6718101
E-mail: lani_87@yahoo.com

Pentecostal parents invite proposals for their daughter employed & residing in UAE (26/168cm) B.Sc. Nurse, from pentecostals parents of professionally qualified, born again, baptized, spirit-filled and God fearing boys.
Contact: Mob. 055 9433150
E-mail: glorytogod1958@yahoo.com

Pentecostal parents invites proposals for their boy, God fearing with strong spiritual values, 28 yrs,168 cm, B.Sc. nurse presently working in Ministry Hospital, UAE. Seeking suitable alliance from pentecostal girls. Preferance to same profession. Please respond with details and recent photograph to:
jollyshaji70@gmail.com.
0556890029, 0554720547, 04712532996

Keyboard, Guitar, Violin & Floot.
Hometution Available
Contact: 0555748618







